# ദൈവത്തോടുള്ള നിരപ്പ്

## കൊലൊസ്സ്യർ 1:21–22

“മുമ്പെ ദുഷ്പ്രവൃത്തികളാൽ മനസ്സുകൊണ്ടു അകന്നവരും ശത്രുക്കളുമായിരുന്ന നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിറുത്തേണ്ടതിന്നു അവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു.”

എന്തിന്നു വേണ്ടി കർത്താവ് മരണം വരിച്ചു എന്നുള്ള ചോദ്യത്തിന്നുള്ള മറുപടിയാണ് പൗലോസിന്റെ ഈ വാകൃങ്ങളിൽ നമുക്കു കാണുവാൻ കഴിയുന്നത്. താൻ ഒരു മനുഷ്യനായി ഈ ലോകത്തിൽ ആയിരുന്ന നിമിഷം തന്നോട് നിരപ്പാകേണ്ടവർ അല്ലെങ്കിൽ തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവർ തങ്ങളുടെ ദുഷ്പ്രവൃത്തികളാൽ മനസ്സുകൊണ്ടു അകന്നവരും ശത്രുക്കളുമായി മാറ്റപ്പെട്ടപ്പോൾ അതു സഹിക്കവയ്യാതെ അതിന്നു ഒരു അന്തം വരുത്തുന്നതിന്നു വേണ്ടി അവൻ പാപപരിഹാരബലിയായി സ്വജീവനെ തന്നെ യാഗമായി സമർപ്പിച്ചു. ഗോഗുൽത്താ മലമുകളിൽ മരക്കുരിശിൽ മൂന്നു കാരിരുമ്പാണിമേൽ തൂങ്ങി, സഹനത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമായി നിൽക്കുമ്പോഴും തന്റെ ശരീരത്തിൽ നിന്നു ഇറ്റു വീണ അവസാനതുള്ളി രക്തത്താൽ തന്നെ തള്ളിപ്പറഞ്ഞവരെയും, അവഗണിച്ചവരെയും പപമോചനത്തിലേക്ക് നയിക്കുവാൻ ഹേതുവായിത്തീർന്നു.

ഇന്നു എന്റെയും നിങ്ങളുടെയും ജീവിതത്തിലും പലപ്പോഴും നാം മുമ്പെ ദുഷ്പ്രവൃത്തികളാൽ മനസ്സുകൊണ്ടു അകന്നവരും ശത്രുക്കളുമായിത്തീർന്നിട്ടും അവന്റെ ദാനമായ രക്ഷാപദ്ധതിയിലേക്ക് അവൻ ചേർത്ത് അവനോട് നിരക്കുവാൻ അവസരമൊരുക്കിയിരിക്കുന്നു. എന്നാൽ ആ അവസരം നാം ഏതുവിധത്തിൽ ഉപയോഗിക്കുന്നു എന്നുള്ളതിനെ ആശ്രയിച്ചിരിക്കും അവന്റെ രണ്ടാം വരവിൽ അവനോട് നിരപ്പുള്ളവരായവർക്ക് അവന്റെ നിതൃമായ രാജ്യത്തിനവകാശം ലഭിക്കുക.

നമ്മോട് തന്നെ ചോദിക്കുക, ഞാൻ എന്റെ കർത്താവ് എനിക്കു ദാനമായി ഒരുക്കിയ രക്ഷ ഏറ്റെടുത്ത് അതിൻപ്രകാരം എന്റെ ജീവിതം ക്രമീകരിച്ച് അവനോട് നിരപ്പായാണോ ജീവിക്കുന്നത്? നിത്യജീവനിലേക്കുള്ള പ്രവേശനം എന്നു പറയുന്നത് എന്റെ ജീവിതത്തിൽ എത്ര ഉറപ്പുള്ള ഒരു കാര്യമാണ്. ചിന്തിക്കുക, പ്രവർത്തിക്കുക. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

ആവർത്തനം 33:27

“പുരാതനനായ ദൈവം നിന്റെ സങ്കേതം; കീഴെ ശാശ്വതഭുജങ്ങൾ ഉണ്ടു; അവൻ ശത്രുവിനെ നിന്റെ മുമ്പിൽ നിന്നു നീക്കിക്കളഞ്ഞു, സംഹരിക്ക എന്നു കൽപിച്ചിരിക്കുന്നു.”

ബ്രദർ ബിനു ബേബി ആലപ്പുഴ 044